


# Ripples

## St. Augustine’s G.H.S.S. Kothamangalam

*A Little KITEs Initiative*

# Ripples

## Digital Magazine

## 2019-20

# ആശംസ



*വിദ്യാർത്ഥികളുടെ സാഹിത്യവാസനകളെ പരിപോഷിപ്പിക്കുന്നതോടൊപ്പം ആധുനികസാങ്കേതികവിദ്യാ പരിശീലനവും സിദ്ധിക്കുന്ന ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരംഭം വളരെ പുരോഗമനാത്മകമാണ്.*

*'റിപ്പിൾസ്' സാരസമ്പന്നവും വർണാഭവുമാവട്ടെ... അണിയറ പ്രവർത്തകർക്ക്*

*എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്,*

***സി. ട്രീസ ജോസ് സി.എം.സി***

*പ്രിൻസിപ്പൽ*

# ആശംസ



,

*റിപ്പിൾസ് എന്ന ഡിജിറ്റൽ മാഗസിൻ*
*പുതിയകാലത്തിന്റെ നേർക്ക്തിരിച്ച കണ്ണാടിയാണ്...*
*ഒരു നവലോകത്തിനായി സ്വപ്നങ്ങൾ നെയ്യുന്ന*
*പുതുതലമുറയുടെ ഭാവനകളും ഉൾക്കാഴ്ചകളും,*
*അക്ഷരങ്ങളായും വർണചിത്രങ്ങളായും*
*പ്രകാശിതമാകട്ടെ എന്ന് ആശംസിക്കുന്നു..*

***സി. ടിസ്സ റാണി സി.എം.സി.***
*ഹെഡ്മിസ്ട്രസ്*



പുതിയ വർഷത്തിന്റെ പുലരി..
പുതിയ പുസ്തകത്തിന്റെ താളുകൾ മറിയുമ്പോൾ...
പുതിയ അക്ഷരക്കൂട്ടുകളുമായി നമ്മൾ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ...

റിപ്പിൾസ്
അധ്യാപകരുടെയും
മാതാപിതാക്കളുടെയും
അനുഗ്രഹാശ്ശിസുകളോടെ
നമ്മുടെ കരവിരുത്...

നിനവും മനവും നിറഞ്ഞൊഴുകിയ
ഈ അക്ഷരവൈവരി
അനുവാചകരിൽ അലകളുയർത്തട്ടെ...

എന്ന്,

*ദിയ ബിജു*
*എഡിറ്റർ*

# കുഞ്ഞിപൂമ്പാറ്റ



പൂക്കൾ തോറും പാറി നടന്ന്
പൂന്തേനുണ്ണും പൂമ്പാറ്റേ...
കാടുകളും മേടുകളും വയലോലകളും
കണ്ടുമടുത്തോ നിൻമിഴികൾ....
പച്ചവിരിച്ചൊരു നെൽപാടങ്ങൾ
പാറിനടന്നു കണ്ടു ഞാൻ
ഒഴുകിവരുന്നൊരു പുഴയും തോടും
പാറിനടന്നു കണ്ടു ഞാൻ...!
പൂന്തേനുണ്ണാൻ കറുകരിവണ്ടുകൾ
പാറിവരുന്നതു കണ്ടു ഞാൻ....
നെൽപാടത്തിൽ പാറിനടക്കും
തത്തകളെയും കണ്ടു ഞാൻ...
കാടിൻ നടുവിൽ കാട്ടുമൃഗങ്ങൾ
കൂത്താടുന്നതും കണ്ടു ഞാൻ....!



**മരിയ രാജു VI B**

# എൻെറ മാതൃരാജ്യം

പെറ്റമ്മയെ പോലെ തന്നെ നമ്മുക്ക് പ്രിയപ്പെട്ട ഒന്നാണ് മാതൃരാജ്യം. സ്വന്തം നാടിനോടുള്ള സ്നേഹത്തെക്കുറിച്ച് രാമായണത്തിലും ഖുറാനിലും ബൈബിളിലും പരാമർശിക്കുന്നുണ്ട്. നമ്മുക്ക് ജന്മം നൽകി, നമ്മുടെ വളർച്ചയ്ക്കായി ജീവിതം അർ പ്പിക്കുന്ന അമ്മയെപ്പോലെ തന്നെയാണ് നമ്മുടെ മാതൃരാജ്യം. മാതൃരാജ്യം എന്ന് കേൾക്കുമ്പോൾ തന്നെ ദേശസ്നേഹികൾക്ക് അഭിമാനമാണ്.

പണ്ട് നമ്മുടെ രാജ്യം വിദേശികൾക്ക് കീഴ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ ആളുകളെ ഏറെ ബുദ്ധിമുട്ടിച്ചിരുന്നു. ആ കാലത്ത് മോചനം നേടുവാൻ നാം പരിശ്രമിച്ചു. അന്ന് സ്വരാജ്യത്തെ പ്രിയങ്കരമായി കരുതിയിരുന്ന മഹാന്മാരുണ്ടായിരുന്നു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, രാജേന്ദ്ര പ്രസാദ്, നേതാജി സുഭാഷ് ചന്ദ്രബോസ് എന്നിങ്ങനെ എത്രയോ പേർ. കൂടാതെ സ്വാതന്ത്ര്യം എൻെറ ജന്മ അവകാശമാണെന്ന് പ്രഖ്യാപിച്ച ബാല ഗംഗാധര തിലകും സ്വരാജ്യത്തിൻെറ മോചനത്തിനായാണ് വാദിച്ചത്. അവർ സ്വന്തം വീടിനേക്കാൾ ഉപരിയായി നാടിനെ സ്നേഹിച്ചു. അവരുടെ ത്യാഗത്തിൻെറ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. അന്നത്തെ നേതാക്കൾ ജയിൽ വാസവും മർദനവും അനുഭവിച്ചാണ് സ്വാതന്ത്ര്യം നേടി തന്നത്. അങ്ങനെ നമ്മുടെ ജീവിതത്തിൽ സ്വാതന്ത്ര്യത്തിൻെറ പൂമൊട്ടുകൾ വിരിഞ്ഞു.

എന്നാൽ ഇന്ന് ഭാരതീയരായ നമുക്ക് സ്വരാജ്യ സ്നേഹം എത്രത്തോളമുണ്ട്? നാം ഉറക്കെ ചോദിക്കേണ്ട ചോദ്യമാണിത്. ഇന്ത്യയെൻെറ രാജ്യമെന്ന് പാടാൻ നമുക്ക് കഴിയണം. "നിങ്ങളുടെ മാതൃരാജ്യം നിങ്ങൾക്ക് എന്തു ചെയ്തുതന്നു എന്നല്ല, നിങ്ങൾ എന്ത് ചെയ്തു എന്നതാണ് നാം ചിന്തിക്കേണ്ടത്." നമ്മുടെ മാതൃരാജ്യത്തിൻെറ പുരോഗതിക്കായി നാം പ്രവർത്തിക്കണം.



**Aneetta Eldhose 10 D**

# വിദ്യാലയം

ഈ ദിവ്യമായ ഭൂമിയിലെ ചേലുറ്റ

സ്വർഗമാണെൻെറ വിദ്യാലയം

മധുനിമിഷങ്ങൾ സമർപ്പിക്കുന്ന

സ്നേഹസ്വത്താണ് വിദ്യാലയം

അനേകം പൈതങ്ങളെ വിദ്യതൻ

ലോകത്തേക്ക് നയിച്ച വിദ്യാലയം

ചെറുപുഷ്പങ്ങളെ വിടർത്തിയ

സ്നേഹസങ്കൽപ്പമാണെന്റെ വിദ്യാലയം

എന്റെ വിദ്യാലയം എത്ര സുന്ദരം

എന്റെ വിദ്യാലയം എത്ര മനോഹരം

**ഫാത്തിമ ഫിദ നവാസ് IX A**

# മാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ

ആനുകാലിക സാമൂഹിക സാംസ്കാരിക സംഭവങ്ങളുടെ പ്രതിബിംബങ്ങളാണ് മാധ്യമങ്ങൾ. വിവര സാങ്കേതിക വിദ്യകൾ ഇത്രമേൽ പുരോഗമിക്കുന്നതിനുമുമ്പ് റേഡിയോയിലൂടെയും ദിനപത്രങ്ങളിലൂടെയും ആയിരുന്നു ജനങ്ങൾ വിദൂരസംഭവങ്ങൾ അറിഞ്ഞിരുന്നത്. ഈ കാലയളവിൽ കേവലം ഒരു വിനോദോപാധി എന്നതിനുപരിയായി ജനങ്ങളുമായ നേരിട്ട് സംവാദിക്കുന്ന മാധ്യമമായിരുന്നു നാടകങ്ങൾ. നാടകങ്ങൾ മനുഷ്യനെ ചിന്തിക്കുവാനും പ്രതികരിക്കുവാനും പ്രചോദിപ്പിച്ചു. ഇന്ന് നാടകവും നാട്ടറിവുകളും സിനിമയ്ക്കും സീരിയലുകൾക്കും വഴിമാറി. ടെലിവിഷനും കംപ്യൂട്ടറും മൊബൈലും സാർ വത്രികമായി.



വിശാലമായ നഗരഗ്രാമപശ്ചാത്തലങ്ങളിൽ അരങ്ങേറിയിരുന്ന നാട്ട് അകങ്ങൾ ഇന്ന് നമ്മുടെ വീട്ടിലെ ചെറിയ മുറിയിലേക്ക് ഒതുങ്ങിപ്പോയിരിക്കുന്നു. ഈ ഒതുങ്ങിപ്പോക്ക് പുതിയ തലമുറയിലെ ചിന്തയേയും ജീവിതരീതികളേയും

വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ആ സ്വാധീനം ഗുണദോഷസമിശ്രവുമാണ്. അതായത് ഒരു വലിയ സംഭവത്തെ കൂടുതൽ വ്യക്തതയോടെ ഏറ്റവും ലളിതവും ഏറ്റം വേഗത്തിലും മനസ്സിലാക്കിക്കൊടുക്കുവാൻ ഇന്നത്തെ ദൃശ്യമാധ്യമങ്ങൾക്ക് കഴിയുന്നു. അതുപോലെതന്നെ മോശമായ ഒരു ചെറിയ സംഭത്തെപ്പോലും പർവതീകരിച്ച് കുട്ടികളിൽ ജിജ്ഞാസ ജ്വലിപ്പിക്കുന്ന തരത്തിലേക്ക് ഉയർത്തിക്കാട്ടുന്നതിനും ഇവയ്ക്കുള്ള സ്വാധീനം നമ്മൾ വിസ്മരിച്ചുകൂടാ. അതിനാൽ നമ്മൾ വളരെ കരുതലോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്യേണ്ട ഒന്നാണ് മാധ്യമങ്ങൾ. വാർത്താവിനിമയ ഉപാധിയായി മാറിയിരിക്കുന്ന മൊബൈൽ ഫോൺുകൾ നല്ലൊരു മാധ്യമമാണ്.

എന്നിരുന്നാലും കുട്ടികൾ സ്വകാര്യ ആവശ്യങ്ങൾക്കായി മൊബൈൽ ഫോൺ സ്വന്തമായി ഉപയോഗിക്കുന്നത് അപകടങ്ങൾ എത്രത്തോളം ക്ഷണിച്ചുവരുത്തുന്നു എന്നുള്ളതിന് തെളിവാണ് അടുത്ത കാലത്ത് ഏറെ ഭീതി ജനിപ്പിച്ച ബ്ലൂ വെയ്ൽ പോലെയുള്ള ഇൻറർനെറ്റ് മരണഗെയിമുകൾ. അതുപോലെത്തന്നെ സോഷ്യൽ മീഡിയകളിലൂടെയുള്ള പ്രതികരണങ്ങളിൽ നമ്മുടെ ചെറുതും വലുതുമായ പ്രശ്നങ്ങൾ സമൂഹത്തെയും സർക്കാരിനേയും അറിയിക്കാനും അധികാരികളുടെ തെറ്റായ നയങ്ങൾക്കും സമീപനങ്ങൾക്കുമെതിരെ പ്രതിഷേധിക്കാനും കഴിയുന്നുവെന്നത് നവമാധ്യമങ്ങളുടെ വളർച്ചയുടെ വലിയ ഗുണമാണ്. എന്നാൽ തെറ്റായ വാർത്തകൾ സ്വയം സൃഷ്ടിച്ച് വ്യക്തിഹത്യക്കും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനും ചിലർ ഈ മാധ്യമങ്ങളെ ദുർവിനിയോഗം ചെയ്യുന്നുണ്ട് എന്നതും വസ്തുതയാണ്. അതുകൊണ്ട് "അധികമായാൽ അമൃതും വിഷമാണ്"എന്ന പഴഞ്ചൊല്ലിനെ ഓർക്കാം.



**ദിയ ബിജു IX C**

# പറന്നുയരാൻ മോഹം

കുഞ്ഞിക്കിളിയെ പൂങ്കിളിയേ
ചിറകുവിരിച്ച് പറന്നിറങ്ങി
അരികെ വരാമോ തേൻകിളിയെ
എൻ ഉദ്യാനത്തിൽ വരുമോ നീ

നിന്നെ പോലെ പറന്നുയരാൻ
മോഹമെനിക്കും ചങ്ങാതി
ചന്തമാർന്നീ ചിറകുകൾ തന്നാൽ
കൂടെ വരാം ഞാൻ തേൻകിളിയെ

എന്തൊരു ചന്തമിതെന്തൊരു ചന്തം
വർണ്ണമെഴും നിൻ ചിറകുകളെ
പൂന്തേനുണ്ണാൻ വരുമോ നീ
പറന്നുല്ലസിക്കാൻ വരുമോ നീ



**ദീപ്തി ബിജു V B**

# കുസൃതി ചോദ്യങ്ങൾ

1.ഒരിക്കലും പഴുക്കാത്ത പഴം?

ആലിപ്പഴം

2.കഴിക്കാൻ പറ്റാത്ത ജാം?

ട്രാഫിക്ക് ജാം

3.എല്ലാവരും ഇഷ്ടപ്പെടുന്ന ഭരണം?

ആഭരണം

4.ഊരിയെടുക്കാത്ത ആണി ?

ബിരിയാണി

5.കഴിക്കാൻ പറ്റുന്ന ആണി ?

ബിരിയാണി

6.വിശക്കുന്ന രാജ്യം ?

ഹംഗറി

7.ഗാന്ധിജി കാണാത്ത ട്യൂബ് ?

യൂ ട്യൂബ്

8.കടക്കാൻ പറ്റാത്ത ഗേറ്റ് ?

കോൾഗേറ്റ്

9.തിന്നാൻ പറ്റുന്ന ആന ?

ബനാന

**അംന അബൂബക്കർ VI A**

# മോഹം



കുന്നിനു മുകളിൽ ചന്തമെഴുന്നൊരു

പള്ളിയതൊന്നുണ്ടേ...

ണിംണിം ണിംണിം മണികൾ

മുഴങ്ങും പള്ളിയതൊന്നുണ്ടേ...

പള്ളിയകത്ത് പുഞ്ചിരിതൂകും

മാതാവുണ്ടന്നേ....

ക്രൂശിതനായൊരു ഈശോയെ-

ന്നെ നോക്കുന്നുണ്ടന്നേ...

എന്നുമെനിക്കാ പള്ളിപ്പോകാൻ

മോഹം തോന്നുന്നേ...

---

മരിയ രാജു

# പ്രകൃതിയുടെ പാട്ട്



മുളയുടെ തണ്ടിൽ
കൊത്തി കൊത്തി
സുഷിരം തീർത്തതു

മരം കൊത്തി...
ഇരയെക്കിട്ടാതുടനെ പാറി
മറ്റൊരു മുളയെത്തേടി

മരം കൊത്തി...
വീശും കാറ്റിലിളകും മുളയൊരു
പാട്ടുതുമൂളുന്നുണ്ടെന്തു രസം
സരിഗമസരിഗമ മൂളുന്നാരോ
മുളംകാട്ടിൽ കാറ്റിതുവീശുമ്പോൾ
കേൾക്കും തോറുംമിതാനന്ദം നൽ

പ്രകൃതിയൊരുക്കും സംഗീതം...



**മരിയ രാജു VI B**

# കാടിൻെറ രക്തസാക്ഷികൾ




കാട്ടുകാണാൻ ഇറങ്ങിയതാണ് പട്ടണത്തിലെ കുട്ടികൾ.

"മുത്തശ്ശിയുടെ കഥകളിലൊക്കെ നിറയെ കാടാണ്. മുഴവൻ പച്ചപ്പാണെന്നാ തോന്നുന്നേ". "തോന്നുന്നതല്ല ശരിയാ. മമ്മയുടെ കൂട്ടുകാരിയും കുടുംബവും ഫോറസ്റ്ററിലേക്ക് ടൂറ് പോയിരുന്നു". "അവിടെ ആദിവാസികൾ ഉണ്ടാകുമോ?". "പിന്നേ.... നിന്നെ സ്വീകരിക്കാൻ അവര് കാത്തുനിൽക്കും".

ഉരുളിക്ക് ഉപ്പേരിപോലെ ആകാശി  മറുപടി.

കളിയും ചിരിയുമായി അവർ കാട്ടിൽ കടന്നു.

പെട്ടെന്ന് അവരുടെ മുഖത്തെ ചിരി മായുന്നു.

സ്വപ്നത്തിലെ കാടൊക്കെ എവിടെയോ പോയി. സ്വപ്നത്തിലെ തഴച്ചു വളരുന്ന മരത്തിനു മരത്തിന്റെ ആത്മാവേയൊള്ളൂ. അവരുടെ മനസ്സ് വാടി, ആ ചെടികൾക്കൊപ്പം.

സൂര്യൻ കത്തി ജ്വലിക്കുകയാണ്. ഇററ് വെള്ളമോ തണലോ കായ്കനികളോ ഇല്ല. എന്നാൽ അതാ ദൂരെ ഒരു ജലധാര.

അവർ അവിടേക്ക് പോയി.എന്നാൽ അതൊരു ദയനീയ കാഴ്ചയായിരുന്നു. കാരണം അത് സൂര്യനെ നേരിടാൻ നോക്കുന്ന ഒരമ്മക്കിളിയുടെ കണ്ണുനീരായിരുന്നു. അവൾക്കും ആ പറക്കമുററാത്ത കുഞ്ഞുങ്ങൾക്കും ഇരിക്കാൻ ഇടമില്ല. അവർ ഏതുനിമിഷവും ചത്തു വീഴാം.

കുട്ടികൾ അവരുടെയടുത്തെത്തി. "എവിടെയാണ് ഇവിടുത്തെ കാട്". അവൾ ആ കഥ പറയാൻ തുടങ്ങി. "ഇതിന്റെയെല്ലാം ഉത്തരവാദി നിങ്ങളുടെ വർഗമാണ്. പച്ച വിരിച്ച് നിന്ന എന്റെയും നിങ്ങളുടെയും സർവ്വചരാചരങ്ങളുടെയും അമ്മയായ വനത്തെ ഇങ്ങനെ ആക്കിയത് നിങ്ങളാണ്.

നമ്മളെ ജീവിക്കാൻ പഠിപ്പിച്ചത് ഈ കാടമ്മയാണ്. അവസാനം എല്ലാത്തിനും മറുപടിയായി കാടമ്മയുടെ സമാധാനത്തെ കീറിമുറിച്ച്, ഒരുനാൾ മനുഷ്യന്റെ വാളേറ്റ് കാടിന്റെ ആദ്യരക്തസാക്ഷി മണ്ണിൽ വീണു.

അതിൻെറ പിൻഗാമികളെന്നോണം മറ്റുള്ളവയും. ഇനി ഇവിടെ ഞാനും എന്റെ മക്കളും ഉള്ളൂ".

ഒരിടവേളക്ക് ശേഷം വീണ്ടും അതിൻെറ ചുണ്ടുകൾ ചലിച്ചു.

"മക്കളേ പുതുതലമുറയിലെ കണ്ണികളാണ് നിങ്ങൾ, നിങ്ങൾ എല്ലാം തിരിച്ചറിയണം... കണ്ടതെല്ലാം സത്യമെന്ന് മനസ്സിലാക്കി, നഷ്ടപ്പെട്ടത് തിരിച്ചുപിടിക്കാൻ, നിങ്ങൾക്കും നിങ്ങളുടെ വരും തലമുറയ്ക്കും ജീവിക്കാൻ,

ജീവജാലങ്ങളുടെ നിലനിൽപ്പിന്, ഭൂമിമാതാവിനെ ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരാൻ, മണ്ണിലേക്ക് വരൂ, മണ്ണിൻെറ മക്കളായി....."

പറഞ്ഞുതുടങ്ങിയത് മുഴമിപ്പിക്കാനാകാതെ കിളിമകളും അവളുടെ വിശേഷണം പോലെ കാടിന്റെ 'രക്തസാക്ഷി'യായി മാറിക്കഴിഞ്ഞു.

**മാളവിക കെ.**

# ഐക്യമാണ് ശക്തി

ഒരിക്കൽ കുറെ പക്ഷികൾ ഭക്ഷണം തേടി പറക്കുകയായിരുന്നു. അവ ഒരിടത്ത് കുറേ ധാന്യം കിടക്കുന്നത് കണ്ടു. ധാന്യം കണ്ട് പറന്നിറങ്ങിയത് ഒരു വേടൻ വിരിച്ച വലയിലായിരുന്നു.

പക്ഷികൾ വലയിൽ കുടുങ്ങി. അവ വേടൻ നടന്നു വരുന്നത് കണ്ടു. ആപത്തുവരുമ്പോൾ ബുദ്ധി ഉപയോഗിക്കണമല്ലോ.

എല്ലാ പക്ഷികളും ഒരുമിച്ചു പറന്നുയരാൻ തീരുമാനിച്ചു. വേടൻ അടുത്തെത്തി. അപ്പോൾ അവർ വലയുമായി പറന്നുയർന്നു.

ഐക്യമാണ് ശക്തി എന്ന് അവർക്ക് മനസ്സിലായി.

# അഞ്ച് വിരലുകൾ

ഒരിക്കൽ ഒരു കൈയിലെ 5 വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം.

തള്ളവിരൽ പറഞ്ഞു, "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം." ചൂണ്ടുവിരൽ വാദിച്ചു. "എന്തിനേയും ചൂണ്ടിക്കാണിക്കാനും ഒന്നാമത് എന്ന് സൂചിപ്പിക്കാനും ഞാൻ വേണം."

നടുവിരൽ പറഞ്ഞു, "നീളത്തിൽ ഞാനാണ് ഒന്നാമൻ-ജന്മനാ നേതാവ്!"

അണിവിരൽ അവകാശപ്പെട്ടു. "വിവാഹമോതിരം അണിയുന്നത് ഞാൻ ആണ്.

കുടുംബത്തിൻറ കിരീടവും സ്നേഹത്തിൻറ പ്രതീകവും ആണ് മോതിരം."

ചെറുവിരൽ പറഞ്ഞു, "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്.

കൈ തൊഴുമ്പോൾ ഞാൻ ആണ് മുൻമ്പിൽ നിൽക്കുന്ന നേതാവ്."

അവസാനം, കൈയുടെ ഉടമസ്ഥൻ പറഞ്ഞു, "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും ആണ്.

ഒറ്റയ്ക്കുനിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ, ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും"

# ചിന്താശകലങ്ങൾ

"ഒരു പരാജയത്തിൽനിന്ന് മറ്റൊരു പരാജയത്തിലേക്ക് മടുപ്പു കൂടാതെ സഞ്ചരിക്കാനുള്ള കഴിവിനെയാണ് വിജയം എന്ന് പറയുന്നത് "

-വിൻസ്റ്റൻ ചർച്ചിൽ

"ക്രോധം തലപൊക്കുന്ന നേരത്തുതന്നെ അതിന് തലയിടുന്നവനാണ് നല്ല തേരാളി. മറ്റുള്ളവർ ചുമ്മാ കടിഞ്ഞാണും പിടിച്ചിരിപ്പാണ് "

-ശ്രീ ബുദ്ധൻ

"ശരിയാണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നതാണ് ഭീരുത്വം"

-കൺഫ്യൂഷ്യസ്

"മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുക എളുപ്പമാണ്; പക്ഷേ സ്വന്തം തെറ്റു കാണുക വിഷമമാണ്"

-ശ്രീബുദ്ധൻ

"മനഃശുദ്ധിയിൽ നിന്നും മൗനത്തിൽ നിന്നുമാണ് മഹത്തായ വാക്കും കർമവും പിറക്കുന്നത്

-സ്വാമി വിവേകാനന്ദൻ

"വിശ്വസ്തതയില്ലാത്തവന് വിശ്വാസവുമില്ല"

-മുഹമ്മദ് നബി

"ഉചിതമായ സമയം  വരെ ബുദ്ധിമാൻ മൗനം പാലിക്കും.പൊങ്ങച്ചക്കാരനും ദോഷസമയം നോട്ടമില്ല"

-ബൈബിൾ

"മൂന്നു കാര്യങ്ങൾ ജീവിതത്തിൽ നാശമുണ്ടാക്കുന്നു. കോപം, ആർത്തി, ആത്മപ്രശംസ എന്നിവയാണവ"

-മുഹമ്മദ് നബി

"ഭൂമിക്കടിയിലും മുകളിലും ഉള്ള മുഴുവൻ സ്വർണവും കൂട്ടിയാലും അത് ധർമ്മത്തിന് പകരം ആകില്ല"

-പ്ലേറ്റോ

"സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാണ്.സ്നേഹം അസൂയപ്പെടുന്നില്ല,ആത്മപ്രശംസ ചെയ്യുന്നില്ല,അഹങ്കരിക്കുന്നില്ല''

-ബൈബിൾ

"സ്വപ്നം കാണുക,സ്വപ്നങ്ങൾ ചിന്തകളായി മാറും ചിന്തകൾ പ്രവർത്തിയിലേക്ക് നയിക്കും"

-അബ്ദുൾ കലാം

"അർത്ഥശൂന്യമായ ആയിരം വാക്കുകളേക്കാൾ മികച്ചതാണ് ശാന്തിദായകമാണ് ഒരു വാക്ക്"

-ശ്രീബുദ്ധൻ

"സ്നേഹിക്കാൻ,ത്യജിക്കുക തന്നെ വേണം. ഇത് ലോകത്തിന്റെ മൗലിക സത്യമാണ് "

-ടാഗോർ

"കടമ ചിലരെ നന്മയിലേക്ക് നയിക്കുന്നു:മറ്റുള്ളവരെ അതൃപ്തിയിലേക്കും"

-പഴമൊഴി

"ക്ഷിപ്രകോപി ബുദ്ധിഹീനമായി പ്രവർത്തിക്കുന്നു: ബുദ്ധിമാൻ ക്ഷമാശീലനാണ് "

-ബൈബിൾ

# ഒന്നു ശ്രദ്ധിക്കൂ !

ഓരോ ദിവസത്തേയും പാഴാക്കി കളയുന്നത് ചിരിക്കാൻ കഴിയാതെ പോകുമ്പോഴാണ്.

ദിവസത്തിൽ ഒരു മണിക്കൂർ നേരത്തെ എഴുന്നേൽക്കുന്നത് ഒരു മണിക്കൂർ കൂടുതലായി നന്നായി ജീവിക്കുന്നതുപോലെയാണ്.

ചില നേരങ്ങളിൽ നിശബ്ദമായിരിക്കുക. ജീവിതം സംസാരിച്ചുകൊള്ളും.

നിങ്ങൾക്ക് ഒരു സ്വപ്നമുണ്ടെങ്കിൽ നിങ്ങൾക്കത് ചെയ്യാൻ കഴിയും.

L -Loss of mind
O -Out of own will
V -Valuable
E -Ever lasting

# കണ്ടെത്തൽ

നമ്മുടെ വാക്കുകളാണ് നമ്മുടെ മുഖം
നമ്മുടെ പെരുമാറ്റമാണ് നമ്മുടെ നിറം
നമ്മുടെ മനസ്സാണ് നമ്മുടെ സൗന്ദര്യം

എല്ലാവരേയും സന്തുഷ്ടരാക്കാൻ നമ്മുക്ക് കഴിയില്ല.

എല്ലാവരോടും സന്തോഷമായി പെരുമാറുവാൻ നമ്മുക്ക് കഴിയും.

Always be cool
Speak truth
Express your zeal
Life is fivestar

# വിജയിക്കാം

നന്മകൊണ്ട് -തിന്മയെ

ശാന്തതകൊണ്ട് -കോപത്തെ

ഉപവികൊണ്ട് -ശത്രുതയെ

എളിമകൊണ്ട് -നിഗളത്തെ

# Be Smart

| | | |
|---|---|---|
| S | - | Specific |
| M | - | Measurable |
| A | - | Achievable |
| R | - | Relavant |
| T | - | Time oriented |

**Shemimol Shaji**



## കണക്കിലെ കളികൾ

# എത്ര ഇലകൾ ?

മഞ്ഞുകാലം ആരംഭിച്ചതോടെ ഒരു മരത്തിലെ ഇലകൾ,

ആദ്യനിമിഷത്തിൽ 1,

രണ്ടാം നിമിഷത്തിൽ 2,

മൂന്നാം നിമിഷത്തിൽ 4,

നാലാം നിമിഷത്തിൽ 8,

അഞ്ചാം നിമിഷത്തിൽ 16

എന്നിങ്ങനെ ജാമിതീയ അനുപാതത്തിൽ കൊഴിയാൻ തുടങ്ങി. പത്താം നിമിഷത്തിൽ മരത്തിലെ അവസാനത്തെ ഇലയും കൊഴിഞ്ഞുതീർന്നു. എങ്കിൽ ആ മരത്തിൽ ആകെ എത്ര ഇലകൾ ഉണ്ടായിരുന്നു?

ഉത്തരം: 512 ഇലകൾ

## കടങ്കഥകൾ

1. അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി

ഉത്തരം:മുഖം

2. അകന്നുനിന്ന് നോക്കികാണും കണ്ടതെല്ലാം ഉള്ളിലാക്കും

ഉത്തരം:ക്യാമറ

3. അകത്തുതിരിയിട്ടു പുറത്തുമുട്ടയിട്ടു

ഉത്തരം:കുരുമുളക്

4. അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല

ഉത്തരം :ചുണ്ണാമ്പ്

5. അടി പാറ,നട്ടു വടി,തല കാട്

ഉത്തരം:ചേന

6. അടിക്കാത്ത മുറ്റത്തിൻ പേരുചൊല്ലാമോ

ഉത്തരം:ആകാശം

7. അടുക്കളയിലെ അമ്മായിയമ്മ

ഉത്തരം :പൂച്ച

8.അട്ടത്തൊരു കുട്ടിച്ചാത്തൻ അങ്ങോട്ടിങ്ങോട്ടോടുന്നു

ഉത്തരം:എലി

9. അതാ പോകുന്നു,ഒന്നിങ്ങുപിടിച്ചാൽ ആയിരം പൊൻ പണം സമ്മാനം

ഉത്തരം:കാറ്റ്

10. അടിയില്ലാത്ത ഭരണി

ഉത്തരം :കിണർ

**Fiza Navas**

# താതൻ

കളകളരാഗപരാഗം തൂകി-
ക്കിളികൾ വാഴ്ത്തുവതാരെ?
തളകളിളക്കിപ്പായും പൂന്തേ-
നരുവികൾ വാഴ്ത്തുവതാരെ?
തൊഴുകൈമുകുളം നീട്ടും താമര-
മൊട്ടുകൾ വാഴ്ത്തുവതാരെ?
താരും തളിരും ചൂടിയ കാടും
മേടും വാഴ്ത്തുവതാരെ ?
കനകക്കതിരിൻ ചാമരമേന്തിയ
വയലുകൾ വാഴ്ത്തുവതാരെ?
കാഹളമൂതിപ്പാടും പൂവൻ-
കോഴികൾ വാഴ്ത്തുവതാരെ?
അവനാണല്ലോ നമ്മളെയെന്നും
പാലിക്കുന്നൊരു താതൻ
അവനാണല്ലോ മണ്ണിടമെങ്ങും
നിറഞ്ഞുനിൽക്കും നാഥൻ!

---

**Ameena Nasrin M.L**

**കുസൃതി ക്വിസ്സ്**

# ഉത്തരം പറയാമോ?

1. നിങ്ങളുടെ സ്വന്തമാണെങ്കിൽ പോലും ഏറ്റവും കൂടുതൽ പ്രാവശ്യം മറ്റുള്ളവരാൽ ഉപയോഗിക്കപ്പെടുന്ന ഒന്നുണ്ട്. അതിന്റെ പേരെന്ത്?


ഉത്തരം: നിങ്ങളുടെ പേര്

2.ഗാന്ധിജി കാണാത്ത ഗേറ്റ്

ഉത്തരം:കോൾഗേറ്റ്

3.വിരലില്ല പക്ഷേ നഖമുണ്ട് ?

ഉത്തരം:ആന




4.ഓടിക്കാൻ പറ്റാത്ത ഡ്രൈവർ?

ഉത്തരം:സ്ക്രൂഡ്രൈവർ

5.അടക്കാൻ പറ്റുന്ന അറ?

ഉത്തരം:കല്ലറ

6.തിന്നാൻ പറ്റുന്ന ആണി?

ഉത്തരം:ബിരിയാണി

7.രുചിക്കാൻ പറ്റാത്ത നാവ്?

ഉത്തരം:നിലാവ്

8.ഇടാൻ പറ്റാത്ത മാല?

ഉത്തരം:തിരമാല

9.ഇടാൻ പറ്റാത്ത വള?

ഉത്തരം:തവള

10.വേവിക്കാതെ തിന്നാൻ പറ്റുന്ന പരിപ്പ്?

ഉത്തരം:അണ്ടിപ്പരിപ്പ്

**ഹെലൻ മറിയം**

# കടങ്കഥകൾ

| | |
|---|---|
| **അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില** | -പപ്പടം |
| **അകത്ത് രോമം പുറത്ത് ഇറച്ചി** | -മൂക്ക് |
| **അടിക്കാത്ത മുറ്റമേത്** | -ആകാശം |
| **ആയിരം തത്തക്ക് ഒരു കൊക്ക്** | -വാഴക്കുല |
| **ഇരുട്ട് പുരയിൽ കുട്ടിയാന** | -പത്തായം |
| **ഉരുട്ടാം പിരട്ടാം എടുക്കാൻ പറ്റില്ല** | -കണ്ണ് |
| **എട്ടെല്ലൻ കുട്ടപ്പൻ ഒറ്റക്കാലൻ** | -കുട |
| **എത്ര കത്തിയാലും അണയാത്ത വിളക്ക്** | -സൂര്യൻ |
| **കട കത്തിച്ച് തല കുത്തിച്ച്** | -നെല്ല് |
| **ചത്താലെ മിണ്ടുള്ളു ചങ്ങാച്ചാര്** | -ശംഖ് |
| **ചെമ്പിൽ ഭഗവതി തുള്ളിത്തുള്ളി** | -അരി തിളയ്ക്കുക |
| **കൈയ്യിൽ കയറി മെയ്യിൽ ഒളിച്ച്** | -ചോറുരുള |
| **ചുവന്നവൻ പിന്നെ കറുത്തവനാകും** | -മൺകലം |
| **കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം** | -തേരട്ട |
| **ഒരാളെയേറ്റാൻ നാലാള്** | -കട്ടിൽ |

**ഫിദ ഫാത്തിമ VI A**

# ക്രിസ്തുമസ്

കരോളു പാടാൻ കുരങ്ങച്ചൻ
ബലൂൺ കെട്ടാൻ മുയലച്ചൻ
കേക്ക് മുറിക്കാൻ സിംഹച്ചൻ
ചെണ്ടയടിക്കാൻ കടുവച്ചൻ
സാന്താക്ലോസ്സായി ആനച്ചൻ
ആഹാ! ക്രിസ്മസ്
പൊടിപൂരം...



# മാന്ത്രിക വള

ഒരിടത്ത് ഒരിടത്ത് ഒരു ദരിദ്ര കുടുംബത്തിൽ ഒരു കുട്ടിയും അച്ഛനും അമ്മയും ജീവിച്ചിരുന്നു. അവരുടെ വീട് വൈക്കോലുകൊണ്ട് നിർമിച്ചതായിരുന്നു. അച്ഛന്റെ തൊഴിൽ പാൽ വില്പനയായിരുന്നു. വീട്ടിലെ ബുദ്ധിമുട്ട് കാരണം സ്കൂളിലെ ഫീസുകൾ അടയ്ക്കാൻ കുട്ടിക്ക് കഴിഞ്ഞിരുന്നില്ല. കുറേ നാളുകൾക്ക് ശേഷം അച്ഛൻ അസുഖം ബാധിച്ച് കിടപ്പിലായി. അവളുടെ വീട് പട്ടിണിയിലായി. അവൾ മറ്റുള്ള വീടുകളിൽ വേലയ്ക്കു പോകാൻ തുടങ്ങി. അങ്ങനെ ഒരു ധനികന്റെ വീട്ടിൽ കുറച്ചുനാൾ പണിയ്ക്കുപോയി.  പക്ഷേ, പിന്നീട്  ജോലികൾ ചെയ്യാൻ അവൾക്ക് വയ്യാതായി.

ഒരിക്കൽ അവൾ ജോലിക്ക് പോകവേ വഴിയരികിലെ മാലിന്യക്കൂമ്പാരത്തിൽ എന്തോ ഒന്ന് തിളങ്ങി നിൽക്കുന്നത്  കണ്ടു. അത് എടുത്ത് നോക്കിയപ്പോൾ ഒരു വള. അത് അവൾ കൈയ്യിലിട്ടു. പിന്നീട് അവൾ ജോലിസ്ഥലത്തേയ്ക്ക് പോയി. അവിടെ ചെന്നപ്പോൾ എല്ലാ ദിവസത്തേക്കാളും പണികൾ കൂടുതലായിരുന്നു. അവൾ വളരെ വിഷമത്തിലായി. അപ്പോൾ അതാ ഒരു ശബ്ദം, “ഞാൻ നിന്നെ സഹായിക്കാം” വള സംസാരിക്കുന്നു...!!
അവൾ അതിശയത്തോടെ ചോദിച്ചു "നീ ആരാണ് ?”
"ഞാൻ ഒരു മാന്ത്രികവളയാണ്. നിന്റെ ഈ പണികൾ ഞാൻ തീർത്തുതരാം" അങ്ങനെ ആ വള അവളുടെ സർവ്വപണികളും ചെയ്തു കൊടുത്തു.
സന്തോഷംകൊണ്ട് മതിമറന്ന അവൾ വീട്ടിൽ ചെന്ന് സംഭവിച്ചതെല്ലാം പറഞ്ഞു. അവർ ഏവരും ഏറെ സന്തോഷിച്ചു.

**തസ്ലീന മുഹമ്മദ് VI A**

# പുഴ മഴയോട്...

എൻ മിത്രമാം മഴയെ
നിന്നെ കാൺമതിനില്ലലോ!
എവിടെ പോയ് മറഞ്ഞു നിൻ-
ശീതളമാം ആ വൈഢൂര്യ തുള്ളികൾ!

നീ എന്നിലേക്കായണയുന്ന നേരം
നിൻ താളവും ഈണവും ഞാനറിഞ്ഞു.
നീ എന്നെ തഴുകുന്ന നേരം,
എന്നിലെ സകല മാലിന്യങ്ങളുമകറ്റുന്ന
നിൻ പവിഴമാം തുള്ളികൾ,
പോയ്മറഞ്ഞോ......?

നീ മുഖം കറുപ്പിച്ച് നിൽക്കുന്ന-
നേരത്ത് നിന്നിലെ ചന്തം
ഇരട്ടിച്ചിടുന്നു!

കാണ്മതിനില്ലല്ലോ ആ ചന്തത്തെ
ഞാനിന്ന് നിൻ നിശബ്ദ്ത
എന്നെ തളർത്തിടുന്നു.
എവിടെപ്പോയ് എവിടെപ്പോയ്
നിൻ താളവും, ഈണവും
നിൻ രത്നമാം മുത്തുകൾ
നീ പൊഴിക്കൂ...!




**ബീമമോൾ എ.ജെ. IX A**



# പുകവലി ചീത്തയാണ്

ഒരിക്കൽ ഒരു കൊച്ചു ബാലിക ഗാന്ധിജിയുടെ കയ്യൊപ്പിനായി അദ്ദേഹത്തെ സമീപിച്ചു. "ഒരൊപ്പിനു അഞ്ചുരൂപയാകും."

ബാപ്പുജി ചിരിച്ചുകൊണ്ട് പറഞ്ഞു.

സമര ഫണ്ടിലേക്ക് സംഭാവനയായി ഗാന്ധിജിക്ക് ഒരഞ്ചുരൂപ നോട്ട് കയ്യിൽ കരുതിയിരുന്നു. അതവൾ അദ്ദേഹത്തെ ഏൽപ്പിച്ചു.

ബാപ്പുജി അത് വാങ്ങി അവളുടെ പുസ്തകത താളിൽ ഒപ്പിട്ടു നൽകി. എന്നാൽ ആ ബാലികയ്ക്ക് തൃപ്തിയായില്ല.

അവൾ പറഞ്ഞു. "ബാപ്പുജി, വെറുതെ ഒരൊപ്പു മാത്രം പോരാ. അങ്ങയുടെ രണ്ട് വാക്കും കൂടി വേണം." അവളുടെ നിഷ്കളങ്കമായ വർത്തമാനം കേട്ടപ്പോൾ ഗാന്ധിജിക്ക് സന്തോഷം തോന്നി.

അദ്ദേഹം ചോദിച്ചു. "കുട്ടീ, നിൻെറ അച്ഛനെന്താണ് ജോലി?"

"അച്ഛന് പുകയില കച്ചവടമാണ്."

ബാപ്പുജി അവളുടെ പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു.

*പുകവലി ചീത്തയാണ്...*



**സുമിന സുധീർ V A**

# പൂമ്പാറ്റ

*പുള്ളിച്ചിറകാൽ ഓടിവരും*
*പൂന്തോട്ടത്തിലെ റാണി*
*മഴവിൽ നിറമാൽ എത്തുന്ന*
*മാനത്തിലൂടെ പാറിവരും*
*സുരസുന്ദരി പൂമ്പാറ്റ*
*രാവും പകലും പാറിനടക്കും*
*പുള്ളിച്ചിറകാൽ പൂമ്പാറ്റ*

*ചിറക് വിരിച്ച് ആടിയാടി*
*പാറിപോകും പൂമ്പാറ്റ*
*പൂന്തോട്ടത്തെ ഭംഗിയാക്കാൻ*
*എത്തുന്നല്ലോ പൂമ്പാറ്റ*
*നമ്മുടെ സ്വന്തം പൂമ്പാറ്റ*
*എന്തൊരു ഭംഗി പൂമ്പാറ്റ*

**Safavana E. A. VI A**

# പഴഞ്ചൊല്ലുകൾ

- അകലത്തെ ബന്ധുവിനെക്കാൾ അരികത്തെ ശത്രു നല്ലത്
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ?
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
- അടയ്ക്കാ മടിയിൽ വയ്ക്കാം.അടയ്ക്കാമരമായാലോ?
- അടുത്തവനെ കെടുത്തരുത്
- അടിതെറ്റിയാൽ ആനയും വീഴും
- അണ്ണാൻ കുഞ്ഞും തന്നാലായത്
- അത്താഴം മുടക്കാൻ നീർക്കോലി മതി
- ആളേറിയാൽ പാമ്പു ചാവില്ല
- ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം
- ഉർവശി ശാപം ഉപകാരം
- ഉള്ളിലൊന്ന് നാക്കിലൊന്ന് കൈയ്യിലൊന്ന്
- ഉയരത്തിൽ നിൽക്കുന്നത് ഊക്കിൽ വീഴും

ഫിദ ഫാത്തിമ കെ. എ.

# ചിന്തകൾ

- വിചാരത്തിൽ നിന്ന് വി പോയാൽ വെറും ചാരം മാത്രം....
- വികാരത്തിൽ നിന്ന് വി പോയാൽ വെറും കാരം മാത്രം....
- വിനയത്തിൽ നിന്ന് വി പോയാൽ വെറും നയം മാത്രം....
- വിശ്വാസത്തിൽ നിന്ന് വി പോയാൽ വെറും ശ്വാസം മാത്രം....
- വിരൂപത്തിൽ നിന്ന് വി പോയാൽ വെറും രൂപം മാത്രം....
- വിജയത്തിൽ നിന്ന് വി പോയാൽ ജയം നിലനിൽക്കും....

സോന ഷാജി IX D

# ആ വരാന്തയിൽ

ആ വൈകുന്നേരം ഞാൻ കോളേജ് ലൈബ്രറിയിൽ  ഒരു ബുക്ക് എടുക്കാൻ വന്നതാണ്. അപ്പോഴാണ് ഞാൻ അവളെ പരിചയപ്പെട്ടത്. അവളുടെ പേര് അവ്നി എന്നാണ് അവൾക്കൊരു അനിയനുണ്ട്. പേര് ആര്യൻ. അവൻ കുസ്രതി കുടുക്കയാണ്. ഒരു ഡാൻസർ കൂടിയാണ്. കോളേജിലെ എൻെറ ആദ്യ കൂട്ടുകാരി. പെട്ടന്നാണ് അവളെന്നെ avoid ചെയ്യുകയാണെന്ന് എനിക്ക് മനസ്സിലായത്. അപ്പോഴാണ് അവളില്ലാതെ എനിക്ക് പറ്റില്ലെന്ന കാര്യം എനിക്ക് മനസ്സിലായത്. രണ്ടു മൂന്ന ദിവസമായി അവൾ കോളേജിൽ വന്നിട്ട്. എന്തു പറ്റിയെന്ന് അറിയില്ല. അവൾ വരാത്ത ദിവസങ്ങളിൽ എൻെറ ഹ്രദയം തകരുന്നതു പോലെയായിരുന്നു. എനിക്ക് എന്ത് പറ്റിയെന്നറിയില്ല. അപ്പോഴാണ് എനിക്ക് ഒരു കാര്യം മനസ്സിലായത് ഞാൻ അവളെ മിസ് ചെയ്യുകയാണെന്ന്. ഞങ്ങൾ രണ്ടുപേരും സമയം കിട്ടുമ്പോഴോക്കെ ഇരിക്കാറുള്ള പൂന്തോട്ടത്തിൽ അന്നാദ്യമായി ഞാൻ ഒറ്റയ്ക്കായിരുന്നു. അപ്പോഴാണ് എനിക്കൊരു ഫോൺ വന്നത്. പെട്ടെന്ന് City Hospital വരെ  വരണമെന്ന്. അപ്പോൾ തന്നെ ഞാൻ അവിടെ  എത്തി. I. C. U വിൻെറ മുമ്പിൽ എത്ര നേരം ഞാൻ നിശ്ചലനായി എന്ന് അറിയില്ല, അവളെ റൂമിലേക്ക് മാറ്റി എന്ന് ഡോക്ടർ വന്ന് പറഞ്ഞു. അവളെ കാണാനായി ഞാൻ ഓടുകയായിരുന്നു. പക്ഷേ എനിക്ക് അവളിൽ ഏറ്റവും ഇഷ്ട്ടമുള്ള തലമുടി കണ്ടില്ല. ഇവൾക്കിത് എന്തു പറ്റി എന്ന് ഞാൻ ആലോചിച്ചു. അപ്പോഴാണ് അവളുടെ കഥ ഞാൻ അറിഞ്ഞത്. അവളുടെ മാതാ പിതാക്കൾ ചെറുപ്പത്തിൽ തന്നെ മരിച്ചു പോയി. അവൾ നിന്നത് ബന്ധുവീട്ടിലാണ്. ബന്ധുക്കളുടെ ശകാര വാക്കുകൾ കേട്ടാണ്

വളർന്നതും +2 വിൽ പഠിക്കുമ്പോഴാണ് എനിക്ക് ക്യാൻസർ ആണെന്ന് ഞാൻ അറിഞ്ഞത്. എന്നെ സ്നേഹിച്ചർ എല്ലാവരും എന്നെ വിട്ട്പ്പോയി. അപ്പോഴാണ് ഈ മാരഗ രോഗം ഭയപ്പെടുത്തി കൊണ്ടിരുന്നത്. കോളേജിൽ എത്തിയപ്പോൾ

ഞാൻ എല്ലാം മറന്നുഞാൻ എന്റെ നിന്നെ സൂക്ഷിച്ചു. പിന്നെ നീ എന്തിനാണ് എന്നോടിത് മറച്ചുവെച്ചത്. “എന്റെ പ്രിയക്കുട്ടുകാരൻ എന്നിൽ നിന്ന് അകന്നു പോകുമോ എന്ന ഭയം കൊണ്ട്.” അവൻ പുറത്തിറങ്ങി പെട്ടെന്നാണാ ഡോക്ടർ അവനെ വിളിച്ചത്. റോഷൻ...റോഷൻ....അവൻ ഡോക്ടറുടെ മുറിയിലേക്ക് കടന്നു. ഡോക്ടർ എന്തിനാണ് എന്നെ വിളിച്ചത്. ഞാൻ നിന്നോട് വളരെ പ്രധാനമായ ഒരു കാര്യം പറയാൻ പോവുകയാണ്. ഡോക്ടർ പറയു, 'അവൾക്ക് ക്യാൻസർ ആണ് .അവൾ ഒരു ആഴ്ച്ചയിൽ കൂടുതൽ ജീവിച്ചിരിക്കില്ല.' അവൻ നിശ്ചലനായി.അവളുടെ ആഗ്രഹങ്ങൾ നീ സാധിച്ചുകൊടുക്കണം. അവൻ മുറിയിൽ നിന്നിറങ്ങി. അവളോടായവൻ ചോദിച്ചു, ‘നിന്റെ ഏറ്റവും വലിയ ആഗ്രഹം എന്താണ് ?’ അവൾ പറഞ്ഞു 'എനിക്ക് ഒരേ ഒരു ആഗ്രഹമേ ഉള്ളൂ. എനിക്ക് വന്ന ഈ രോഗം ഇനി മറ്റാർക്കും വരരുത്.' അവളുടെ ആഗ്രഹം കേട്ടപ്പോൾ എനിക്ക് അവളിൽ അഭിമാനമാണ് തോന്നിയത്. അന്നത്തോടെ ഞാനും അവളും പരിശ്രമിച്ച് 80% വരെ വിജയം കണ്ടെത്തുകയും ചെയ്തു. ആ ഞായറാഴ്ച്ച അവൾ എന്നെ വിട്ട് പോകുമോ എന്ന ഭയം കൊണ്ട് അവളുടെ അടുക്കൽ നിന്ന് ഞാൻ മാറാതിരിക്കുക ആയിരുന്നു. അപ്പോൾ അവൾ എന്നോട് പറഞ്ഞു 'നീ എന്തിനാണ് ഭയപ്പെടുന്നത്. ഞാൻ മരണത്തിലേക്ക് പോകുന്നത് കൊണ്ടാണോ?’ ‘അല്ലാ, നീയാണ് എന്റെ ആദ്യ കൂട്ടുക്കാരി. ആ കൂട്ടുക്കാരിയെ ഒരിക്കലും ഇനി കാണാൻ സാധിക്കില്ല എന്ന വിഷമം കൊണ്ടാ.' അത് കേട്ടപ്പോൾ അവളുടെ കണ്ണ് അറിയാതെ നിറയുകയായിരുന്നു. അപ്പോ ഒരാഗ്രഹം

അവൾ എന്നൊടാട് പറഞ്ഞു അവൾക്ക് കോളേജിലെ ആ വരാന്തയിലൂടെ നടക്കണമെന്ന് ഉടനെത്തന്നെ ഞാൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു. ആ വരാന്തയിലൂടെ ഞങ്ങൾ എല്ലാം മറന്ന നടന്നു... പെട്ടന്നവൾ കുഴഞ്ഞു വീണു. പെട്ടന്ന് തന്നെ ആശുപത്രിയിൽ എത്തിച്ചു. അവളുടെ കുഴിമാടത്തിനരികിൽ നിൽക്കെ പെട്ടന്ന് എനിക്ക് വീട്ടിൽ നിന്ന് ഫോൺ വന്നു. വീട്ടിലേക്ക് പെട്ടന്ന് ചെല്ലണമെന്ന്. അപ്പോൾ തന്നെ ഞാൻ അവിടെ എത്തി. വീട്ടിലെത്തിയപ്പോൾ ആരും എന്നോട് ഒന്നും പറഞ്ഞില്ല. അവസാനം അമ്മായി വന്നു പറഞ്ഞു, ഗീതു പ്രസവിച്ചു ഒരു സുന്ദരിയായ ഒരു പെൺ കുഞ്ഞിനെ...

**ഗോപിക മധു**

# പഴഞ്ചൊല്ലുകൾ

- അലസന്റെ തല പിശാചിന്റെ പണി പുരയാണ്.
- അവസരം സ്രഷ്ടിയുടെ മാതാവാണ്.
- അങ്കവും കാണാം താളിയുമൊടിക്കാം.
- അളമുട്ടിയാൽ ചേരയും കടിക്കും.
- അസൂയക്കും കഷണ്ടിക്കും ഒരു മരുന്നില്ല.
- അടുപ്പമേറിയാൽ മടുപ്പ കൂടും.
- അടി തെറ്റിയാൽ ആനയും വീഴും.
- അധികമായാൽ അമൃതും വിഷം.
- അത്താഴമുണ്ണാൻ അരക്കാതം നടക്കണം.
- അത്യാഗ്രഹം ആപത്ത്.
- അറ്റ കൈക്ക് ഉപ്പ് വയ്ക്കില്ല.
- അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട.
- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കില്ല.
- അത്യാവശ്യക്കാരൻ വില പേശില്ല.
- അകത്തൊന്ന് മുഖത്തൊന്ന്.
- അതിമോഹം കുടികെടുത്തു.
- ആറിയക്കഞ്ഞി പഴങ്കഞ്ഞി.
- ആശാൻ വീണാൽ അതുമൊരടവ്.
- ആവശ്യം സ്രഷ്ട്ടിയുടെ മാതാവാണ്.
- ആറടി മണ്ണിൽ എല്ലാവരും തുല്യർ.
- ആയിരം ആർത്തി ഒരു മൂർത്തി.

- ആന വായിൽ അമ്പഴങ്ങ.
- ആള് വില കല്ല് വില.
- ആനയ്ക്കക്ക് തടിഭാരം ഉറുമ്പിന് അരി ഭാരം.
- ആർക്കാനും വേണ്ടി ഓക്കാനിക്കുക.
- ഇരിക്കും കൊമ്പ് മുറിക്കരുത്.
- ഇരു തോണിയിൽ കാല് ചവിട്ടരുത്.
- ഇനം ഇനത്തോടെ ചേരൂ.
- ഇടമുള്ളപ്പോൾ തിളേണ്ട.
- ഇരിക്കാനിടം കിട്ടിയാൽ കിടക്കരുത്.
- ഇരിക്കും മുമ്പ് കാല് നീട്ടരുത്.
- ഈനാം പേച്ചിക്ക് മരപ്പട്ടി കൂട്ട്.
- ഉണ്ട ചോറു മറക്കരുത്.
- ഉണ്ടാൽ മയക്കം, ഉണ്ടില്ലങ്കിൽ കറക്കം.
- ഉണ്ണിയെ കണ്ടാലറിയം ഊരിലെ പഞ്ഞം.

Ahana Naseer

# എന്നെന്നും ഓർത്തുവയ്ക്കാൻ പത്ത് കാര്യങ്ങൾ

കണ്ണുകൾക്ക്

മനുഷ്യനിലുള്ള നല്ല കാര്യങ്ങൾ മാത്രം കാണുക.

നാവിന്

ഹൃദയത്തിൽ നിന്ന് മാത്രം സംസാരിക്കുക.

മുഖത്തിന്

ചിരിച്ചു കൊണ്ട് സംസാരിക്കുക.

ചെവികൾക്ക്

കുറച്ച് സംസാരിക്കുക, കൂടുതൽ കേൾക്കുക.

തലച്ചോറിന്

നല്ല ചിന്തകൾ മാത്രം തലയിൽ സൂക്ഷിക്കുക.

കാലുകൾക്ക്

വിജ്ഞാനം പകരുന്നതിലേക്കു നടന്നുകയറുക.

മൂക്കിന്

നല്ലതു മാത്രം ശ്വസിക്കുക.

കരുത്തിന്

വീഴ്ചകൾക്ക് ശേഷം ശുഭപ്രതീക്ഷയോടെ എഴുന്നേൽക്കുക.

ഹൃദയത്തിന്

സ്വയം വളരാനുള്ള ചിന്തകൾ ഹൃദയത്തിൽ സൂക്ഷിക്കുക.

ആത്മാവിന്

ദൈവം നമ്മുടെ കൂടെയുണ്ടെന്ന് വിശ്വസിച്ച് മുന്നേറുക.

**അലീന ബെന്നി X D**

# ചിന്തകൾ

എൻെറ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടെ വരെയാണെൻെറ ആകാശം...........

എൻെറ സ്വപ്നങ്ങൾതെളിച്ച വഴിയെ..........
എത്ര ദൂരം വരെ..........
പാദങ്ങൾ നടന്നെത്തുന്നുവോ........
അതുവരെയാണെൻെറ സാമ്രാജ്യം.......

കാലപ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റു വീഴുന്ന
മഞ്ഞു തുള്ളിയായി
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊ
ഴുകി പരക്കുന്നുവോ
അതാണെൻെറ കടൽ

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം
നീലാ വെളിച്ചത്തിൽ
മോഹപ്പൂക്കൾ
കാട്ടിയ വഴിയെ....

**അൽഫിയ ബഷീർ VII D**

# കുസൃതി ചോദ്യങ്ങൾ

കുട്ടികൾ ഏറ്റവും ഇഷ്ടപ്പെടുന്ന കൃതി

-വികൃതി

വലിയവരും കുട്ടികളും ഇഷ്ടപ്പെടുന്ന ക്ഷണം

-ഭക്ഷണം

പറക്കുന്ന പൂ

-ഷാംപൂ

രുചിയറിയാത്ത നാവ്

-കിനാവ്

ഷോക്കടിക്കുന്ന സിറ്റി

-ഇലക്ട്രിസിറ്റി

മണിയടിച്ചാൽ പെരുമ്പാമ്പ് വരെ ഓടും

-തീവണ്ടി

# കടങ്കഥകൾ

പുറത്തുള്ളതെല്ലാം അകത്താക്കും

-ക്യാമറ

രണ്ട് സുന്ദരികൾ ഒരുമിച്ച് കരയും

-കണ്ണ്

ഇട്ടാപ്പൊട്ടും ഇംഗ്ലീഷ് മുട്ട

-കടുക്

പൂക്കുല കായ്ക്കുല വെട്ടിയാൽ വളരും

-മുടി

**അനന്യ ഷിബു**

# വിശ്വസിക്കുന്നവൻ വിജയിക്കും

യേശുദേവനും ശിഷ്യൻമാരും സ്വന്തം പട്ടണത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു. അവരോടൊപ്പം വലിയൊരു ജനക്കൂട്ടവും നീങ്ങുന്നുണ്ടായിരുന്നു. പെട്ടന്നാണ് അവിടുത്തെ യഹൂദ പള്ളിയുടെ അധികാരിയായ ജായ്റോസ് എന്നൊരാൾ ഓടിക്കിതച്ച് അതുവഴി വന്നത്. അയാൾ വന്നപാടേ യേശുവിന്റെ കാലുക്കൽ വീണിട്ട് പറഞ്ഞു:"ഗുരോ, എന്റെ പൊന്നോമന മകൾ വലിയൊരു രോഗം പിടിപ്പെട്ട് മരണത്തോട് മല്ലടിക്കുകയാണ്. അങ്ങ് എന്റെ വീടുവരെ ഒന്നു വരണം. അങ്ങയുടെ കൈ കൊണ്ട് ഒന്നുതൊട്ടാൽ നിശ്ചയമായും അവളുടെ രോഗം മാറും.""ശരി, ഞാൻ വരാം."യേശു സമ്മതിച്ചു. അവിടുന്ന് അയാളുടെ കൂടെ പോയി. കുറെ ദൂരം ചെന്നപ്പോൾ ഒരാൾ അകലെനിന്ന് ഓടി കിതച്ച് വരുന്നത് യേശുദേവനും കൂട്ടരും കണ്ടു. എന്താണാവോ വിശേഷം? എല്ലാവരും ആകാംഷയോടെ അയാളെ നോക്കി. അയാൾ തേങ്ങി:"ജായ്റോസ്, അങ്ങയുടെ പുന്നാര മകൾ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. ഇനി ഗുരുവിനെ വെറുതെ ബുദ്ധിമുട്ടിക്കേണ്ടാ." "എന്ത് ? എന്താണീ കേൾക്കുന്നത്? എല്ലാവരുടെയും ഹൃദയം കവർന്ന കുസൃതി കുടുക്കയായ ആ പുന്നാരമുത്ത് മരിച്ചെന്നോ!" കേട്ടവർക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ജായ്റോസ് നെഞ്ച്തകർന്ന് പൊട്ടി കരഞ്ഞു. അതു കേട്ട് മറ്റുള്ളവരുടെയും കണ്ണുകൾ നിറഞ്ഞു. യേശുദേവൻ എന്താണ് പറയുന്നതെന്നറിയാൻ എല്ലാവരും ചെവി കൂർ

പ്പിച്ചു. എല്ലാ കണ്ണുകളും ദേവൻെറ മുഖത്തു തന്നെ തറച്ചു നിന്നു. ജായ്റോസിനെ തഴുകി കൊണ്ട് യേശു പറഞ്ഞു: "ജായ്റോസ് നീ എന്തിനു ഭയപ്പെടുന്നു? വിശ്വസിച്ചാൽ മാത്രം മതി. വിശ്വാസമുള്ളവൻ ഒരിക്കലും പരാജയപ്പെടുകയില്ല."യേശുവും കൂട്ടരും നടന്നു നടന്ന് അധികം താമസിയാതെ ജായ്റോസിൻെറ ഭവനത്തിൻ മുന്നിലെത്തി. അവർ എത്തിയപ്പോഴേക്കും വീട്ടിനുള്ളിൽ നിന്നു കൂട്ട നിലവിളി പൊങ്ങി. കണ്ണീരിൻെറ ഒരു വലിയ കടൽ അവിടെ ഇരമ്പി മറഞ്ഞു. യേശുദേവൻ ജനക്കൂട്ടത്തോട് ശാന്തമായി പുറത്തുനിൽക്കാൻ കല്പ്പിച്ചു. അതിനുശേഷം അദ്ദേഹം പെൺക്കുട്ടിയുടെ മൃതശരീരം സൂക്ഷിച്ചിരുന്ന മുറിയിലേക്ക് കടന്നു.

യേശു അവളുടെ ഇളംകൈകളിൽ പിടിച്ചിട്ട് പറഞ്ഞു. "എഴുന്നേൽക്കു ബാലികേ.." അവൾ ഉറക്കത്തിൽനിന്നെന്ന പോലെ എഴുന്നേറ്റുവന്നു... ഏവരും വിസ്മയചകിതരായി... അവരുടെ മുഖങ്ങളിൽ ആനന്ദം നിറഞ്ഞു.. യേശുവിനെ നന്ദിയോടെ തൊഴുതു... യേശു നേർത്ത പുഞ്ചിരിയോടെ നടന്നുനീങ്ങി...

**ആര്യനന്ദ V A**

# തത്തയുടെ സഹായം

ഒരു കൊട്ടാരത്തിൽ തോട്ടത്തിൽ ഒത്തിരി മരങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഒരു മരത്തിൽ ഒറ്റ ഇലയും ഇല്ലായിരുന്നു. `ഹോ, രാജകുമാരനും രാജകുമാരിയും അതാ വരുന്നു. ഇലയില്ലാത്ത എന്നെ ആർ ക്കും ഇഷ്ടമാവില്ല.' മരം സങ്കടപ്പെട്ടു. കുറെ തത്തകൾ അതുകേട്ടു. "മരമേ ഞങ്ങൾ നിന്നെ സഹായിക്കാം"പച്ച തത്തകൾ കൂട്ടത്തോടെ വന്ന് മരത്തിലിരുന്നു. അപ്പോൾ രാജകുമാരനും രാജകുമാരിയും അവിടെ എത്തി. തത്തകളിരുന്ന മരം ചൂണ്ടി രാജകുമാരി പറഞ്ഞു. ഹായ് ആ മരം നോക്കൂ എന്ത് ഭംഗി... ശരിയാ ഇപ്പോൾ ഏറ്റവും ഭംഗി ആ മരത്തിനാ രാജകുമാരനും പറഞ്ഞു. അതുകേട്ട് മരത്തിനു വലിയ സന്തോഷമായി. അവർ തത്തകളോട് നന്ദി പറഞ്ഞു.

**അശ്വതി രാജ്**

# എന്റെ കേരളം

നവകേരള നിർമിതിക്കാധാരം
നവകേരളം മാലോകരെല്ലാരുമൊന്നുപോലെ
പച്ചപ്പുൽ വിരിച്ചൊരു കൊച്ചുകേരളം
മാലിന്യമില്ലാത്തൊരു കേരളം
ഒത്തൊരുമയിൽ കഴിയുന്നൊരു കേരളം

കളകളാ നാദമൊഴുക്കും പുഴകൾ
ആടിയും പാടിയും കഴിയും കൊച്ചുപക്ഷികൾ
തുള്ളി രസിച്ചു കളിക്കും കൊച്ചു പൈതങ്ങൾ

കാറ്റത്താടി ഉലയും കവുങ്ങുകൾ
ജാതി മതമില്ലാത്ത സുന്ദരകേരളം
മരിച്ചിട്ടില്ല....മരിക്കുകയുമില്ല ഈ കേരളം

**ഡാലിയ സുൽഫിക്കർ V B**

# സമയം

## ഘടികാരങ്ങൾ

മണൽ ഘടികാരങ്ങൾ താഴെയും മുകളിലുമായി സ്ഫടികം കൊണ്ട് നിർമിച്ച രണ്ടറകളിൽ മുകളലത്തേതിൽ മണൽ നിറച്ചിരിക്കും. ക്രത്യം അരമണിക്കൂർ കൊണ്ട് മണൽ മുഴുവൻ അറയിൽ വീഴും. അത് കഴിഞ്ഞ് ഘടികാരം തലതിരിച്ച് വയ്ക്കും.

സൂര്യ ഘടികാരങ്ങളുടെ ഗണത്തിൽപ്പെട്ട ഇവയിൽ 12 വരെയുള്ള അക്കങ്ങൾ രേഖപ്പെടുത്തിയിരുന്നു. ഉച്ചസമയത്ത് നിഴൽ മെല്ലെ സഞ്ചരിക്കുന്നതിനാൽ പന്ത്രണ്ടിനോടടുത്ത അക്കങ്ങൾ വളരെ അടുത്തടുത്ത് രേഖപ്പെടുത്തിയിരുന്നു.

പരീക്ഷാക്കാലത്ത് കൂട്ടുകാരിൽ ചിലരെങ്കിലും പറയാറില്ലേ പഠിക്കാൻ സമയം കിട്ടിയില്ല എന്ന്... എവിടെ പോയി സമയം... സമയത്തിൻെറ വില അതിൻെറ അളവിലല്ല. അതൊരിക്കലും ആരെയും കാത്തിരിക്കാറില്ല. ഓരോ നിമിഷത്തിനും അതിൻെറതായ വിലയുണ്ട്.
അതുകൊണ്ട് സമയം കളയാതെ നോക്കണം...

**ദിയ ജലാലുദ്ദീൻ VII C**

# കാലുള്ള പാമ്പ്

ഇഗ്ഗല എന്ന പേരിലുള്ള ഒരു പാമ്പ്. ഒരു കാട്ടിൽ സുഖമായി ജീവിക്കുകയായിരുന്നു.അപ്പോൾ ആ പാമ്പിന് ഒരു തോന്നൽ "എനിക്ക് രണ്ട് കാല് ഉണ്ടായിരുന്നെങ്കിൽ" .അങ്ങനെ ആ കാട്ടിൽ ഒരു തീപിടുത്തം ഉണ്ടായി.എല്ലാ ജീവികളും ഓടിപ്പോയി. അപ്പോൾ ആ പാമ്പ് കാട്ടുദേവതയെ വിളിച്ചു പ്രാർത്ഥിച്ചു.ദേവതേ എനിക്ക് കാലുകൾ തരൂ.ദേവത പാമ്പിന്റെ പ്രാർത്ഥന കേട്ടു.ദേവത പാമ്പിന് കാല് നൽകി. പക്ഷേ പാമ്പിന് കാലുകൾ വച്ച് നടക്കാൻ സാധിച്ചില്ല.

*ഗുണപാഠം : അതിമോഹം ആപത്ത്*



**മരിയ മാർട്ടിൻ VI A**

# ELECTRONICS

Electronics comprises the physical, engineering, technology and applications that deal with the emission, flow and control of electrons, in vacuum and matter. Electronics is widely used in information processing, telecommunication and signal processing. The ability of electronic devices to act as switches makes digital information – processing possible.



Interconnection technologies such as circuit functionally and transform the mixed electronic components into a regular working system, called an electronic system; examples are computer and control system. Commonly, electronic devices contain circuitry

consisting primarily or exclusively of active semiconductors supplemented with passive elements; such a circuit is described as an electronic circuit. The study of semiconductor devices and related technology is considered a branch of solid state Physics.

**Alinsha Noorudheen IX B**

# Causes and Consequences of CLIMATE CHANGE




We all know that climate change is our single greatest security threat today. Day by day we are witnessing new and undeniable climate events. Drought are intensifying;

oceans are warming and acidifying with methane plumes. Temperature increases and West Antarctic and Greenlands ice sheets melt at unprecedented rates. Now it has become a world wide issue. The governments know the causes, and the industries also know this causes.

So, we must put a price tag to carbon emissions and eliminate government subsides for coal, gas and oil companies. We should rely more and more on renewable energy. Solving this crises is not a question of politics. It is a question of survival. If we fail, we will be responsible for the destruction of our collective home, "THE EARTH". If we cannot solve this problem urgently, it will be a threat to our survival. So, we must take it as a challenge and solve the climate crisis As earthly as possible

**Alfiya Eldhose IX C**

# *The Story of* BRAHMAPUTRA

The Brahmaputra is the third largest river in the world and biggest river in India. It carries the largest amount of water and silt among all rivers of India. In the language of the water resources establishment in India, Brahmaputra river basin is the least exploited in India.

However today the water resources establishment in India has massive plans to exploit this river basin, including over 200 large hydro power projects with total capacity of over 60,000 MW, storing and transferring the water to the rest of India. Total hydro power potential in the basin has a whole in envisaged to be over 200,000 MW, a month watering prospect for the hydro power lobby of the world. India's biggest anti dam movement is now going an in this basin, which has been able to stop the construction of India's biggest hydro power projects so for, namely the 2000 MW lower subansiri projects for close to twenty months.

The movement has wild support within and outside Assam(including among political forces) North East India, rest of India and rest of the world. China and Bhutan in the upstream and Bangladesh in the downstream add international dimeasions that promise to be major factors in the fate of the basin in future.

Climate change is already changing the patterns of rainfall, flows, glaciers, and cropping patterns.




Erin Joby VI A

# FRIEND

A Friend is everything
we will be on your left and right
sharing happiness and sorrow
not everyone can have a special friend
like you.
You are special to me.
In all the ways when you come in to
my life.
You turned my oceans of tears into
pool of joys.
You taught me how to laugh and
taught how to think
you are like a twinkling star.
In the bright and deep blue sky
which tells a lot of things to me.....

Mariya Raju



# FAST FOOD

Now-a-days, many kinds of fast food restaurants are available in the main and important places. The international branded restaurants such as KFC and McDonald grow quickly from one city to another all over the world. It indicates that the fast food restaurants and fast food.

The first cause is needs of modern community which have intensive activities. In a family, both husband and wife have a tendency to have a job. Yet, they have no time to cook. This result in the increase of eating from outside. Consequently, most people work full days with a lunch break of limited time, thus practically they need fast food for lunch.

Secondly, efforts of fast food restaurants companies improve their products and services are also the cause of their popularity. Improving products includes food quality in diverse taste. For example, K F C in Thailand offers a

special taste which may not be found on their countries. Restaurants also provide good services such as quick service convenience place even fun and entertain. Some restaurants also provide free delivery services which consumers can just call to order serving food in many kinds of package can make consumers choose quickly by pointing to the appropriate picture and price.

Besides its popularity fast food has some effect on human health. Most fast food contains calories from refined sugar and fats. It can lead to some one to eat it more and more. Consuming more calories can lead to obesity. Which causes some health problems such as cancer and diabetes. In conclusion, beside the popularity of fast food restaurants. It will largely effect the humans health.

“So let us limit the usage of fast food in daily life.”



**GOPIKA ANIL KUMAR VIII B**

# HELEN KELLER



Helen Keller was born on June 27 1880 in Tuscumbia, a little town of northern Alabama. When she was a little child, she lost her sight as well as hearing. The world became the dark and silent, initially she use to have fits of temper, when she realised that she was different from others. Her life changed when miss Anne Sullivan arrived in her life.

She was a great teacher and a companion. Helen Keller's relationship with miss Anne Sullivan was long lasting and

she never moved out without miss Anne Sullivan. She taught Helen to communicate with others through words and later through sentences. Helen had a great respect for physical bravery, sports man spirit and she never felt defeated. She loved nature and wanted to be with trees, animals, birds, flowers, bushes despite her physical disabilities. She learned how to climb trees and also swimming.

She enjoyed the snowfall at Boston. Helen was a girl who liked the company of others. She never felt shy. She used to greet the guests, when they visited her parents. She went to celebrate Christmas with Tuscumbia school and exchanged gifts with them. She loved fragrances, whenever she was free, she used to go out into the garden to enjoy the smell of Jasmines, Lilies and ripe peaches. Helen was an optimistic lady, who never let her disabilities to come in the path of her progressing life. Life to her was a teacher and she learned many things from it.

**Shahana Mumthas VI A**

# Hello Song for Kids



Every day,I go to school.
I meet my friends and we all say.
Hello!; Hello!; Hello!; Hello!
How are you?
I'm good, I'm great!
How about you?(2)
Every day, I go to play
I meet new friends and we all say
Hello!; Hello!; Hello!; Hello!
What's your name?
Nice to meet you!
Do you want to play?(2)
Hello!; Hello!; Hello!; Hello!

Gouri Krishna T. VI A

# LIFE IS A GAME

Life is such a tricky game,
you may be cheated at any time.
Do not be happy, that you're rich
you too may starve, for life is such.
Are you proud of your beauty now?
Wait and see, what time will show!
Do you laugh at a crippled one?
When you're alone,will it be fun?
Be kind to those who're broken by storm,
that storm, may come to touch you too.
Be happy that you've lived a day,
pray for another calm and peaceful day.
Thank the lord, for his blessing,
showered on you.

**Mariya Raju**

# Love and Time

Once upon a time, there was an island where all the feelings lived: Happiness, sadness, knowledge and all of the others including Love. One day it was announced to the feelings that the islands would sink, so all constructed boats and left. Except for Love.

Love was the only one who stayed behind. Love wanted to hold out until the last possible moment. When the island had almost sunk, love decided to ask for help.

Richness was passing by love in a grand boat. Love said, “Richness can you take me with you?” Richness answered, “No, I can’t. There is no place here for you.”

Love decided to ask vanity who was also passing by in a beautiful vessel. “Vanity, please help me!” “I can’t help you, love. You are all wet and might damage my boat,” vanity answered.

Sadness was close by so love asked,“sadness, let me go with you.” “Oh.....love, I am so sad that I need to be myself happiness passed by love, too, but she was so happy that she did not even hear when love called her.

Suddenly, there was a voice, “come, love, I will take you.” It was an elder. So blessed and over joyed, love even forgot

to ask the elder where there were going. When they arrived at dryland, the elder went her own way. Realizing how much was owed the elder, love asked knowledge, another elder, “Who helped me?” “It was time,”knowledge answered. “Time?”asked love. “But why did time help me?”

Knowledge smiled with deep wisdom and answered, “because only time is capable of understanding how valuable love is.”



Afna M.A.

# *My Wonderful World*

The world we live in,
Is a beautiful world,
It’s a good world,
with stars, moon and sun.

Look how they work,
with holidays none
The Sun must rise,
The Sun must set,
You can stop it.

Can you otherwise arrange?
No you can’t!
You have to grow,
and live your life,
Only then, your future will be bright!!!

**Almas Khadeeja VI B**

# THE KIND UNCLE OWL

Uncle owl was very kind. He used to sleep throughout the day. Mother sparrow always teased him. “you lazy fellow!” One day mother sparrow went out to search food leaving, chicks in the nest. After some times, It began to rain heavily. The little chicks were shivering with cold and he cried. Uncle owl went to the chicks and tucked them under his two large wings. When mother sparrow returned, she found her chicks sleeping under uncle owl’s wings. Mother sparrow realised how kind uncle owl was. From this incident, mother sparrow never teased uncle owl again.

**Rubeena Basheer VA**

# Tell me why

Contrary to popular belief, hunger has nothing to do with empty stomach. Hunger begins when certain essential nutritive materials are missing from the blood. When the blood vessels lack these materials, a message is sent to part of the brain that is called “THE HUNGER CENTRE”.This centre works like a brake on the stomach blood has sufficient food, long as has sufficient actions of the stomach and the intestine. When food is lacking, they more active. That is why a hungry person often hears his stomach rumbling.



**Shiya Shaji V D**

# THE CURIOUS WORLD OF WORDS

1. ANTIDISESTABLISHMENTARIANISM(28 LETTERS)
   - This word means that the act of opposing the separation of chruch and state

2. BABABADAIHAR HTAKAMINIA ROONNKO NNBRONNTO NNERONT OONHTHUNNTR OVARRHOUNAWN SKA WNTOOHOOITOOROPENEN THURNUK(100 LETTERS)
   - This word is on the first page of finnegans wake by James Jovce and is a symbolic thunder clap representing the fall of Adam and Eve

3.A resonably common word which containsall five vowels each used once and in their alphabeical order

A.FACETIOUS

4.A seven letter word which does not use any of five vowels

A.RHYTHMS

5.PALINDROM(It reads the same backword as forward)

A.SOME MEAN INTERPRET NINE MEMOS

6.Tongue twister

PETER PIPERS PRACTICAL PRINCIPLES OF PLAIN AND PEOFECT PRONOUNCIATION

(Name of a British book in 1819)



**SNEHA MARIA SOJI VIII E**

# THE LIFE

Life is a song = sing it
Life is a game = play it
Life is a dance = perform it
Life is a challenge = win it
Life is a job = work it
Life is a book = study it
Life is a picture = observe it
Life is a drawing = colour it
Life is a story = read it
Life is a reality = realise it
Life is a wrong word = correct it
Life is a journey = end it



**Elisha Ann Johny VI C**

# WHO IS BEAUTIFUL

Once there lived two fishes in the pond. Both were white in colour and beautiful. They swam and played in the water.

One day they wanted to know who among them is beautiful. They argued with each other.

Then they decided to go to the crocodile to know who is more beautiful.

They asked the crocodile. The crocodile said that both of them are beautiful. It asked them to come closer to it.

The fishes obeyed. They competed each other and went close to its mouth. The crocodile ate both the fish.

They experienced the bad effect of competing each other.

**Sona Shaji IX D**

# *A Friend*

A friend is someone we turn
to when our spirits need to life
A friend is someone we treasure
for friendship is a gift

A friend is someone who fills
our life with beauty, joy, and grace
A friend makes the world
we live in a better and happier place

Thank you for being
My friend

**Devanandana Anil VI B**

# 3B CHAPPAL

I had a pair of Chappal.
A black and blue bata Chappal.
It acted concertedly for me.
I took it everywhere I go.
But I leave it at corridors.
It is a spell for me.
It stood against all the barrage for me.
It makes me win every bout
it brace my whole mass.
It peddeled my bicycle.
Mean while ma pops gave me a sum;
to buy a new pair.
I went the shop,
and get another Bata pair.
But, it's a shoe,
and it was a monsoon too
so, soon I came back Tomy
Black and Blue bata chappal.

Sethulakshmi X D

# IT WAS THE RAIN,
# IT WAS THE THUNDER

On a scary night,
On that dark night,
I was alone.
When I looked out
I saw the dark clouds
Up in the sky.
Suddenly some sparking thunders,
Lightened my room.
Some diamond like water droplets,
Fall on my roof top
Minute by minute
The diamond increased.
Some wetty drops
Peeped into my room
Through my window.
Some wetty drops
Came in my room
As guest,
Through the roof hole.
I stay still
At the window side.
It was the rain!
It was the thunder!



**Bive Maria Wilson X D**

# നന്ദി...

**ഈ മാഗസിൻ യാഥാർത്ഥ്യമാക്കാൻ**
**ഞങ്ങളെ സഹായിച്ചവരെ നന്ദിയോടെ ഓർക്കുന്നു...**

**എഡിറ്റോറിയൽ ബോർഡ്**